(ബി) ഈ അപകടങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അപാകതകൾ തീർത്ത് റോഡ് പുനർനിർമ്മിക്കുന്നതാണ്.

മെഡിക്കൽകോളേജ്-മാവൂർ റോഡ്

79 (1389) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ്-മാവൂർ റോഡ് ലോകബാങ്ക് സഹായത്തോടെ പ്രവൃത്തി നടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡ് എവിടെ മുതൽ എവിടെ വരെ ആയിരിക്കും എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി മാവൂർ ടൗൺ വരെ ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് ദീർഘിപ്പിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ മാവൂർ ജംഗ്ഷന് മുമ്പുള്ള ചെറുപ്പപാലം വരെയുള്ള റോഡ് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന (കെ.എസ്.ടി.പി) റോഡ് മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

മാള കരിങ്ങച്ചിറ പുത്തൻചിറ റോഡ് പുനരുദ്ധാരണം

80 (1390) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ മാള കരിങ്ങച്ചിറ പുത്തൻചിറ റോഡ് പുനരുദ്ധാരണം വളരെ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിന്റെ നിർമ്മാണം ദ്രുതഗതിയിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ റോഡിന്റെ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്ലാപ്പള്ളി സീതത്തോട് വടശ്ശേരിക്കര റോഡ് വികസിപ്പിക്കുന്നതിന് നടപടി

81 (1391) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലേക്കുള്ള പ്ലാപ്പള്ളി സീതത്തോട് വടശ്ശേരിക്കര റോഡ് വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റോഡിന്റെ പ്ലാപ്പള്ളി മുതൽ ചിറ്റാർ വരെയുള്ള വീതി കുറഞ്ഞ ഭാഗം വീതി കൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) വണ്ടിപ്പെരിയാർ-മൂഴിയാർ-പ്ലാപ്പള്ളി റോഡ് സഞ്ചാരയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ റോഡിന്റെ വികസനം സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പത്തനംതിട്ടയ്ക്കടുത്തുള്ള മണ്ണാറക്കുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെയുള്ള 32 കി.മീ. റോഡ് രണ്ട് വരിപ്പാതയായും, പ്ലാപ്പള്ളി മുതൽ പമ്പ വരെയുള്ള 26 കി.മീ. റോഡ് നാല് വരിപ്പാതയായും വികസിപ്പിക്കുന്നതിന് മലേഷ്യൻ സർക്കാരിന്റെ സഹായത്തോടെയുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ഡി) ടി റോഡിൽ പ്ലാപ്പള്ളി മുതൽ മൂഴിയാർ വരെയുള്ള ഭാഗം (25 കി.മീ.) അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

ഹരിപ്പാട് മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

82 (1392) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly